പ്ളാമൂട് അപകടം : ഒരു യുവാവുകൂടി മരിച്ചു

തിരുവനന്തപുരം : പ്ളാമൂട് ഇന്നലെയുണ്ടായ ബൈക്കപകടത്തിൽ പരിക്കേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന രണ്ടാമത്തെ യാത്രക്കാരനും മരണമടഞ്ഞു. നാലാഞ്ചിറ വാഴക്കുഴിവിളാകത്ത് വീട്ടിൽ ബാലകൃഷ്ണന്റെ മകൻ ബിപിൻ (21) ആണ് ഇന്നലെ


ബിപിൻ


കിരൺ

അർദ്ധരാത്രി മരിച്ചത്. ഇന്നലെ രാത്രി പത്തരയോടെ പട്ടംഭാഗത്തുനിന്ന് പി.എം.ജിയിലേക്ക് പോകവെ വൺവെ ആരംഭിക്കുന്ന ഭാഗത്തുള്ള വളവിൽ നിയന്ത്രണംവിട്ട ബൈക്ക് മതിലിലിടിക്കുകയായിരുന്നു. ബൈക്ക് ഓടിച്ചിരുന്ന നാലാഞ്ചിറ സ്വദേശി കിരൺ (21) ആശുപത്രിയിലേക്കുള്ള മാർഗമദ്ധ്യേ മരിച്ചിരുന്നു.



ജോസഫ് എന്ന കൊച്ചേട്ടൻ

പേരാമ്പ്ര: ചക്കിട്ടപാറയിലെ കുടിയേറ്റ കർഷകനും വ്യാപാരിയുമായ ജോസഫ് കൂനംതടത്തിൽ (കൊച്ചേട്ടൻ –78) നിര്യാതനായി. ഭാര്യ: പരേതയായ ഏലിയാമ്മ. മക്കൾ: അപ്പച്ചൻ (മലബാർ റബ്ബേഴ്സ്), പാപ്പച്ചൻ (കർഷക കോൺഗ്രസ് ജില്ലാ സെക്രട്ടറി, മെരിലാന്റ് റബ്ബേഴ്സ്), ചിന്നമ്മ (കോടഞ്ചേരി), കെ.ജെ.മാത്യു (ലക്ചറർ, ഗവ. കോളേജ്, പേരാമ്പ്ര), മോളി (കൂരാച്ചുണ്ട്), ബാബു (ചക്കിട്ടപാറ മണ്ഡലം കോൺഗ്രസ് സെക്രട്ടറി). മരുമക്കൾ: ലീലാമ്മ വാളംപൊയിൽ, ലീലാമ്മ മലയാറ്റൂർ (ചെമ്പനോട), ജോർജ് കോച്ചേരി (കോടഞ്ചേരി), മേരിക്കുട്ടി മാത്യു (ടീച്ചർ, സെന്റ് ആന്റണീസ് എൽ.പി സ്കൂൾ, ചക്കിട്ടപാറ), ജോസ് മത്തിനാൽ (കൂരാച്ചുണ്ട്), നിഷ വിലങ്ങാട്. സംസ്കാരം ഇന്ന് വൈകീട്ട് 3.30 ന് ചക്കിട്ടപാറ സെന്റ് ആന്റണീസ് പള്ളി കുടുംബ കല്ലറയിൽ.

മാധവൻ

കുന്ദമംഗലം: ഇട്ടിതൊടുകയിൽ താമസിക്കുന്ന മലാപ്പറമ്പ് കുന്നുമ്മൽ പടിക്കൽ മാധവൻ (78) നിര്യാതനായി. ഭാര്യ: തങ്കം. മകൻ: സൂരജ്.

കെ. ആർ. ആലിക്കുട്ടി

പേരാമ്പ്ര: ചേനോളിയിലെ കുന്നത്ത് മണ്ണൻതോട്ടത്തിൽ കെ.ആർ. ആലിക്കുട്ടി (53) നിര്യാതനായി. ഭാര്യ: ജമീല. മക്കൾ: ജസില, ഖമറുന്നിസ, ഷമീറ, ജലീൽ (ദുബായ്). മരുമക്കൾ: അബ്ദുനാസർ (ബാലുശ്ശേരി), കെ. അയൂബ് (നടുവണ്ണൂർ), മുഹമ്മദ് (കാരയാട്).

ഔസേപ്പ്

വരന്തരപ്പിള്ളി: കാളക്കല്ല് അരിമ്പൂപറമ്പൻ ഔസേപ്പ്(79) നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ. ഏല്യ. മകൾ ആന്റണി, ജോയ്, പോൾ.

ബിന്ദു

നടുവണ്ണൂർ: കക്കഞ്ചേരിയിലെ കൂടത്തിങ്കൽ ബിന്ദു (33) നിര്യാതയായി. ഭർത്താവ്: നാരായണൻ (കീഴൂർ), അച്ഛൻ: പ്രഭാകരൻ. അമ്മ: സരസു. മക്കൾ: പ്രിയങ്ക, ആരതി. സഹോദരൻ: ബൈജു (ദുബായ്).

വിളവൂർക്കൽ സോമൻ നായർ

വിളവൂർക്കൽ: മലയിൻകീഴ് സർവീസ് കോ– ഓപ്പറേറ്റീവ് ബാങ്ക് (നമ്പർ 605) മുൻ ഡയറക്ടർ ബോർഡ് മെമ്പറും വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് മെമ്പറും രാഷ്ട്രീയ, സാമൂഹിക പ്രവർത്തകനുമായിരുന്ന വിളവൂർക്കൽ സോമൻ നായർ (71) നിര്യാതനായി. ഭാര്യ : പരേതയായ ശ്രീമതി അമ്മ. മക്കൾ : പ്രഭ, കെ. എസ്. രാജൻ.

നാണിക്കുട്ടി അമ്മ

പയ്യോളി: തിക്കോടി ചിങ്ങപുരത്തെ പീടികക്കണ്ടി ബാലൻ നായരുടെ ഭാര്യ നാണിക്കുട്ടി അമ്മ (65) നിര്യാതയായി. കൊങ്ങന്നൂർ ഭഗവതി ക്ഷേത്രം ജീവനക്കാരിയായിരുന്നു. മക്കൾ: വിജയൻ, ഉണ്ണികൃഷ്ണൻ (ബഹ്റിൻ), വിജയലക്ഷ്മി, രാജലക്ഷ്മി. മരുമക്കൾ: ശിവദാസൻ (പേരാമ്പ്ര), രവി (അരവട്ടൂർ), ഉഷ, നിഷ.

അപ്പുക്കുട്ടൻ ആശാരി

കരകുളം: ഏണിക്കര കാഞ്ഞിരംവിള വീട്ടിൽ എൻ. അപ്പുക്കുട്ടൻ ആശാരി (74) നിര്യാതനായി.

മക്കൾ : ജെ. വസന്തകുമാരി, എ. രാമചന്ദ്രൻ, എ. രാജീവ്.

മരുമക്കൾ : സി. മനോഹരൻ, കെ.കെ. ബിന്ദു, എൽ. രാധാരാജീവ്.

മുഹമ്മദ്

ഇരിട്ടി: വിളക്കോട് പാറക്കണ്ടത്തെ ചാത്തോത്ത് മുഹമ്മദ് (65) നിര്യാതനായി. ഭാര്യ: തിട്ടയിൽ അസ്മ. മക്കൾ: ഫാത്തിമ, നസീമ, നുസ്റത്ത്, മുനീറ, നൗഷാദ്, റയീസ്, നൗഫൽ, നസീർ. മരുമക്കൾ: അബ്ദുൾഗഫൂർ, കെ.എസ്. ഹസൻ ബീഗം, ഷെരീഫ്, പി.വി. മുസ്തഫ, കെ.പി. സിറാജ്.

ക്യാപ്ടൻ ആർ. പരമേശ്വരൻനായർ

തിരുവല്ലം: മേനിലം ശിവഭവനിൽ ക്യാപ്ടൻ ആർ. പരമേശ്വരൻനായർ (85) നിര്യാതനായി. ഭാര്യ : പരേതയായ പി. ശാരദാമ്മ. മക്കൾ : പി. എസ്. സുരേഷ് (ബി.എസ്.എൻ.എൽ), പി. എസ്. മീനാകുമാരി, പി. എസ്. സന്തോഷ്. മരുമക്കൾ : വി. ജ്യോതി (ബി. എസ്. എൻ. എൽ), എ. ആർ. രാധാകൃഷ്ണൻ (കൊച്ചിൻ പോർട്ട്), ഒ. ആർ. പ്രീതി.

നാണു

കൂത്തുപറമ്പ്: നരവൂർ പാത്താടി മനയ്ക്കൽ ക്ഷേത്രത്തിന് സമീപം ഞാറ്റുതല നാണു (70) നിര്യാതനായി. ഭാര്യ: ലീല. മക്കൾ: പ്രീത, പ്രമോദ്, പ്രജിത, പ്രജീഷ്. മരുമക്കൾ: കെ.കെ. ഭാസ്കരൻ, ദേവദാസ്. സഹോദരങ്ങൾ: മാധവി, നാണി.

ജാനകി

കൂറ്റനാട്: ആമക്കാവ് മാത്തൂർ മുല്ലക്കൽ അയ്യപ്പന്റെ ഭാര്യ ജാനകി (71) നിര്യാതയായി. മക്കൾ: എ.എം. രാജൻ (സി. പി. എം. നാഗലശ്ശേരി എൽ. സി. അംഗം), ശിവശങ്കരൻ, ലളിത, ജനാർദ്ദനൻ, അച്യുതൻ, കുട്ടിനാരായണൻ, ലീല. മരുമക്കൾ: ദേവയാനി, നന്ദിനി, ശ്രീജ.

ലക്ഷ്മി അമ്മാൾ

തിരു: റ്റി.സി. 40/754ൽ പരേതനായ കെ. വാസുദേവയ്യരുടെ ഭാര്യ ലക്ഷ്മി അമ്മാൾ (80) നിര്യാതയായി.



ശ്രീധരൻ

കൂത്തുപറമ്പ്: പൂക്കോട് ശ്രീനിധിയിൽ സി.സി. ശ്രീധരൻ (72) നിര്യാതനായി. റിട്ട. ബ്ളോക്ക് എക്സ്റ്റൻഷൻ ഓഫീസർ. ഭാര്യ: പരേതയായ ജാനകി. മക്കൾ: ശ്രീജ, ശ്രീജേഷ്. മരുമക്കൾ: സുനിൽ, റിൻഷ. സഹോദരങ്ങൾ: ശങ്കരൻ, കൃഷ്ണൻ, ഗൗരി, പരേതരായ ബാലൻ നായർ, കാർത്ത്യായനി.

ഗോപാലൻ

കൊല്ലങ്കോട്: ഇടച്ചിറ വൃന്ദാവനത്തിൽ ഗോപാലൻ (65) നിര്യാതനായി. ഭാര്യ: ലീല. മക്കൾ: വിനോദ്കുമാർ, ബിജു, വിമൽ കുമാർ. മരുമക്കൾ: രമ്യ, ധനലക്ഷ്മി. സഹോദരങ്ങൾ: പരേതനായ കിട്ടു, കൃഷ്ണൻ, ബാലൻ

സുധ

നെയ്യാറ്റിൻകര: അരുവിപ്പുറം പുലിവാതുക്കൽ വീട്ടിൽ പരേതനായ കൃഷ്ണൻകുട്ടിയുടെ ഭാര്യ സുധ (65) നിര്യാതയായി.

മൊയ്തുപ്പ

ചെർപ്പുളശ്ശേരി: കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല പ്രവർത്തകനും ടൗണിലെ സി. ഐ. ടി. യു. ചുമട്ടുതൊഴിലാളി യൂണിയന്റെ സംഘാടകനുമായിരുന്ന പറക്കാടൻ മൊയ്തുപ്പ (76) നിര്യാതനായി. ഭാര്യ: പാത്തുമ്മ. മക്കൾ: റഷീദ് (ബിസിനസ്), റഫീഖ്, റസാഖ്, റഹീം, റസൂൽ, റിയാസ് (അഞ്ചുപേരും കെ. എസ്. എ), റംലത്ത്, റഹ്മത്ത്, റഹിയാനത്ത്, റസീന. മരുമക്കൾ: സൈനുദ്ദീൻ (അദ്ധ്യാപകൻ, എച്ച്. എസ്. എസ്. പഴമ്പാലക്കോട്), അബ്ദുൾ സലാം, അബൂബക്കർ (ഇരുവരും ദുബായ്), അലി, സഫിയ, റഹിയ, ഷാജിത, പ്യാരിജ, സഫൂറ, ഫാത്തിമ്മ

ആർ. തങ്കപ്പൻ

തിരുമല: കുന്നപ്പുഴ പി.പി. പ്രസ് റോഡ് ഉദയാഭവനിൽ ആർ. തങ്കപ്പൻ (റിട്ട. സെക്രട്ടേറിയറ്റ് ജീവനക്കാരൻ–85) നിര്യാതനായി. ഭാര്യ : പരേതയായ ഗോമതി അമ്മ. മക്കൾ : സരസമ്മ. അയ്യപ്പൻ, രമണി, വിജയകുമാരി, ഗിരിജാദേവി. മരുമക്കൾ : ശ്രീകണ്ഠൻനായർ, രാജൻ, മുരളീധരൻ, ജയശ്രീ. സഞ്ചയനം ഞായറാഴ്ച രാവിലെ 9 ന്.

പൊലീസ് കോൺസ്റ്റബിൾ കായികക്ഷമതാ പരിശോധനയ്ക്കിടെ യുവാവ് കുഴഞ്ഞുവീണ് മരിച്ചു

കോഴിക്കോട്: പൊലീസ് സേനയിലേക്കുള്ള തിരഞ്ഞെടുപ്പിനായി നടക്കുന്ന കായികക്ഷമതാ പരിശോധനയ്ക്കിടെ യുവാവ് കുഴഞ്ഞുവീണ് മരിച്ചു. എരഞ്ഞിക്കൽ ശ്രീപുരയിൽ ശ്രീധരന്റെ മകൻ ശരത് ശ്രീധർ (22) ആണ് മരണമടഞ്ഞത്.

ഇന്ത്യാ റിസർവ് ബറ്റാലിയനി (കമാൻഡോ വിംഗ്) ലേക്കുള്ള കായികക്ഷമതാ പരിശോധനയ്ക്കിടെയാണ് സംഭവം. കാലത്ത് ഒൻപത് മണിയോടെ ബീച്ച് റോഡിൽ നടക്കുന്ന കായിക ക്ഷമതാ പരിശോധനയിൽ പങ്കെടുക്കുന്നതിനിടെ ഇയാൾ കുഴഞ്ഞ് വീഴുകയായിരുന്നു. ഉടൻ തന്നെ കോഴിക്കോട് ബീച്ച് ആശുപത്രിയിലും തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിലും എത്തിച്ചു. രാത്രി 9 മണിയോടെ മരണപ്പെടുകയായിരുന്നു. മാർച്ച് നാലാം തീയതി മുതൽ ആണ് പൊലീസ് സേനയിലേക്കുള്ള കായികക്ഷമതാ പരിശോധന ആരംഭിച്ചത്.

ചിട്ടിപ്പണത്തർക്കം: യുവാവ് കുത്തേറ്റ് മരിച്ചു

തിരുവനന്തപുരം : ചിട്ടിപ്പണത്തെച്ചൊല്ലിയുള്ള തർക്കത്തിൽ ഇറച്ചിവെട്ടുകാരൻ കുത്തേറ്റ് മരിച്ചു. കരമന കുഞ്ചാലുംമൂട് ചെൽസ ആശുപത്രിക്ക് സമീപം ജമാലുദീനിന്റെ മകൻ ഖരീം (35) ആണ് മരിച്ചത്. സംഭവവുമായി ബന്ധപ്പെട്ട് മണക്കാട് സ്വദേശികളായ ഖാജ (35), സുധീർ (32), കുഞ്ചാലുംമൂട് സ്വദേശി നസീർ (35) എന്നിവർക്കും പരിക്കേറ്റിട്ടുണ്ട്. ഇവർ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. സംഭവത്തെക്കുറിച്ച് കരമന പൊലീസ് പറയുന്നത് : ചിട്ടിപ്പണം കൊടുക്കാത്തതിനെച്ചൊല്ലി ഖരീമും മണക്കാട് സ്വദേശി ഖാജയും തമ്മിൽ 6 മാസമായി തർക്കമായിരുന്നു. ഇന്നലെ രാത്രി 12 മണിയോടെ ഖാജ സുഹൃത്തുക്കളായ സുധീർ, നസീർ, നവാസ്, സലിം എന്നിവർക്കൊപ്പം കുഞ്ചാലുംമൂട്ടിലെത്തി വീണ്ടും വഴക്കായി. ഖരീമിനൊപ്പം സഹോദരങ്ങളായ ഇസ്മയിലും റഷീദും ഉണ്ടായിരുന്നു. തുടർന്ന് വെട്ടും കുത്തും നടന്നു. നെഞ്ചിൽ കുത്തേറ്റ ഖരീം മരണമടഞ്ഞു. വെട്ടേറ്റ സുധീറിന്റെ നില അതീവ ഗുരുതരമാണ്. സജീനയാണ് മരിച്ച ഖരീമിന്റെ ഭാര്യ. ജാസിംഗ് മകനാണ്.

ഗീതയുടെ മരണം: ദുരൂഹതയേറുന്നു

തൃക്കരിപ്പൂർ: മംഗല്യ ടെക്സ്റ്റൈൽസ് ഉടമ മീലിയാട്ടെ എം. ഗീതയുടെ മരണവുമായി ബന്ധപ്പെട്ട് ദുരൂഹതകൾ പടരുന്നു. നീലേശ്വരം സ്വദേശി ഗീതയെ മാർച്ച് 2 ന് മീലിയാട്ടെ വീട്ടിൽ വിഷം അകത്തുചെന്ന് അവശനിലയിൽ കാണുകയാണ്. തുടർന്ന് പരിയാരം മെഡിക്കൽ കോളേജിൽ മൂന്നാംതീയതി മരണപ്പെടുകയും ചെയ്തു.

തൃക്കരിപ്പൂരിലെ മംഗല്യ ടെക്സ്റ്റൈൽസ് നടത്തിയിരുന്നത് ഗീതയുടെ ഭർത്താവ് വി. കുഞ്ഞികൃഷ്ണനായിരുന്നു. ആറ് മാസം മുമ്പ് കുഞ്ഞികൃഷ്ണൻ മരണമടഞ്ഞതോടെയാണ് ഗീത ബിസിനസ് ഏറ്റെടുത്തത്. ഭർത്താവിന്റെ മരണം ഏൽപ്പിച്ച ആഘാതത്തിൽ നിന്ന് മോചിതയായി വരുന്ന ഗീത വിഷുവിന്റെ വിപണനം മനസിൽ കണ്ട് ഷോപ്പിൽ കൂടുതൽ തുണിത്തരങ്ങൾ സ്റ്റോക്ക് ചെയ്യുന്ന തിരക്കിലുമായിരുന്നു. പക്ഷെ അതിന്റെയിടയിലുണ്ടായ ഈ മരണമാണ് ദുരൂഹത വർദ്ധിപ്പിച്ചത്. ഗീതയുടെ ആത്മഹത്യാക്കുറിപ്പ് കണ്ടെത്തിയെന്ന് വാർത്ത പരന്നിരുന്നു. പൊലീസ് ഇത് നിഷേധിക്കുകയാണ്.

പക്ഷെ കുറ്റമറ്റരീതിയിലുള്ള ഒരു അന്വേഷണം പൊലീസിന്റെ ഭാഗത്ത് നിന്നുണ്ടായാൽ പലതും പുറത്തുവരുമെന്നാണ് നാട്ടുകാരുടെ നിഗമനം.

വിലാസിനി

കൊയിലാണ്ടി: സി.പി. എം പ്രവർത്തകയും കാരയാട് സർവ്വീസ് സഹകരണ സംഘം സെക്രട്ടറിയുമായ കെ.കെ.വിലാസിനി (55) നിര്യാതയായി. സി.പി. എം അരിക്കുളം ലോക്കൽ കമ്മിറ്റി അംഗം കാരയാട് ബാലകൃഷ്ണന്റെ ഭാര്യയാണ്. കേരള കോ– ഓപ്പറേറ്റീവ് എംപ്ളോയീസ് യൂണിയൻ ജില്ലാ കമ്മിറ്റി അംഗം, മഹിളാ അസോസിയേഷൻ കൊയിലാണ്ടി ഏരിയാ കമ്മിറ്റി അംഗം, പന്തലായനി ബ്ളോക്ക് പഞ്ചായത്ത് മുൻ മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മക്കൾ: ബവീഷ് (ഖത്തർ), ബവിത. മരുമക്കൾ: ബിജേഷ് കീഴരിയൂർ (ഫാസ്റ്റ് ട്രാക്ക് ഓട്ടോമൊബൈൽ പയ്യോളി), ഷിൻഷിമ (കൊളശ്ശേരി).

കുഞ്ഞുമൊയ്തീൻ

തൃപ്രയാർ: കരയാമുട്ടം മമ്മസ്രായില്ലത്ത് കുഞ്ഞുമൊയ്തീൻ (49) നിര്യാതനായി. വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട സബ് ഡിവിഷൻ ഓഫീസിലെ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനും കരയാമുട്ടം മഹല്ല് റിലീഫ് കമ്മിറ്റി സെക്രട്ടറിയുമാണ്. ഭാര്യ: റംല (അധ്യാപിക, ഇസ്ലാമിക് ഹൈസ്കൂൾ, ഒരുമനയൂർ). മക്കൾ: റെനീഷ്, ഹാഫിസ്, യാസിൻ, റൗഫ്.

ശ്രീജ

അലനല്ലൂർ: കൂമഞ്ചിറ പെട്ടമണ്ണ പറമ്പ് പുറംപോക്ക് കോളനിയിൽ താമസിക്കുന്ന തോണിപ്പാടത്ത് നാരായണൻ ചെട്ടിയാരുടെ മകൾ ശ്രീജ (27) നിര്യാതയായി.

ജാനകി അമ്മ

മുക്കം: മാമ്പറ്റ കാന്താറങ്ങൽ പരേതനായ നാരായണൻ നായരുടെ ഭാര്യ ജാനകി അമ്മ (87) നിര്യാതയായി. മക്കൾ: മീനാക്ഷി അമ്മ, ഭാർഗവി, പ്രഭാകരൻ, ലളിത, അശോകൻ, വിജയകുമാരി, ഉഷ, സുരേഷ് ബാബു. മരുമക്കൾ: അജിത്കുമാർ, രമണി, സുധ, സുനിത. പരേതരായ ശിവരാമൻ നായർ, കൊച്ചുണ്ണി നായർ, പ്രകാശൻ.

പാത്തുമ്മ

നിലമ്പൂർ: മാമ്പാട് പരേതനായ കടവത്ത് അഹമ്മദ്കുട്ടിയുടെ ഭാര്യ പുളിക്കൽതൊടി പാത്തുമ്മ (95) നിര്യാതയായി. മക്കൾ: മുഹമ്മദ്, പാത്തുമ്മക്കുട്ടി, ആമിന. മരുമക്കൾ: അബൂബക്കർ, അസ്മാ

അബ്ദുള്ളക്കുട്ടി

വാടാനപ്പിള്ളി: തൃത്തല്ലൂർ മൊയ്തീൻ പള്ളിക്ക് സമീപം പണിക്കവീട്ടിൽ അബ്ദുള്ളക്കുട്ടി (80) നിര്യാതനായി. ഭാര്യ: ഐഷാബി. മക്കൾ: ജലാൽ, അഷ്റഫ് (ദുബൈ), ഷാഹു, ഷരീഫ്, മുഹമ്മദ് റാഫി, മെഹബൂബ്. മരുമക്കൾ: സുലേഖ, സുധി, സുബൈദ, ബഷീർ, ഷാഹിത.

ഈനാശു

തൃശൂർ: മുണ്ടൂർ മുട്ടത്ത് പൊറിഞ്ചുണ്ണിയുടെ മകൻ ഈനാശു (88) നിര്യാതനായി. മക്കൾ: റോസിലി, ആനി. മരുമക്കൾ: ജോസ് മുട്ടത്ത്, ജോണി എടക്കളത്തൂർ.

പ്രഭാകരൻ

ഫറോക്ക്: കോഴിക്കോടൻകുന്ന് കുട്ടൻപറമ്പത്ത് പ്രഭാകരൻ നായർ (65) നിര്യാതനായി. ഭാര്യ: രാധ. മക്കൾ: വിജയപ്രസാദ്, പ്രശാന്തി. മരുമക്കൾ: ഗിരീഷ്, ദിവ്യ.

ഖദീജ

തിരൂർ: തിരുനാവായ തിരുത്തി പരേതനായ ചെറുപുത്തൂർ മൊയ്തീൻ ഹാജിയുടെ ഭാര്യ ഖദീജ(68) നിര്യാതയായി. മക്കൾ– ഫാത്തിമ, ഉമ്മർ, മുഹമ്മദ് കുട്ടി, ഉസ്മാൻ, അലി, ആമിന, മരുമക്കൾ–ഗഫൂർ (ബീരാഞ്ചിറ), ആയിശാബീവി (അന്നാര), സുഹറ(കുണ്ടുകുളം), ഷൈജ, ഫൗസിയ, മൊയ്തു (പുറത്തൂർ ആശുപത്രി

മത്തായി

ആലക്കോട്: കാർത്തികപുരത്തെ ആദ്യകാല കുടിയേറ്റ കർഷകൻ കിഴക്കേൽ മത്തായി (84) നിര്യാതനായി. ഭാര്യ: പരേതയായ റോസമ്മ (മുണ്ടക്കയംഞൊണ്ടിമാക്കൽ കുടുംബാംഗം). മക്കൾ: ജോസ് (വഞ്ചിയം), മാത്യു (കുട്ടാപറമ്പ്), ബാബു (ഫോട്ടോപോയിന്റ് സ്റ്റുഡിയോ, ആലക്കോട്), സണ്ണി (എസ്. ഐ. തിരുനെല്ലി), രാജൻ (സയന്റിസ്റ്റ്, പൂനെ), നോബിൾ (ഫോട്ടോ പോയിന്റ് സ്റ്റുഡിയോ, കാർത്തികപുരം), ജോണി (ചുള്ളിപ്പള്ള), പ്രകാശ്(എൻ.ആർ.സി.എസ്.പെരുവണ്ണാമൂഴി), പ്രസാദ് (സ്വീറ്റ്സർലന്റ്). മരുമക്കൾ: തെയ്യാമ്മ ചോലങ്കരി (കുടിയാൻമല), വത്സമ്മ പാണ്ടികേപ്പള്ളി (കുട്ടാപറമ്പ്), വത്സമ്മ കിഴക്കേകുറ്റ് (വൈക്കം), ഏലിക്കുട്ടി പുല്ലുവേലിൽ (മങ്കര), ആൻസി പരുവപ്പറമ്പിൽ (തിരുവനന്തപുരം), മോളി മൂഴിയിൽ (മാമ്പൊയിൽ), ബീന കൊട്ടാരത്തിൽ (മരുതോങ്കര), ഡീന ഊക്കൻ (തൃശൂർ), ജൂലി മേനാശ്ശേരിൽ (തൃശൂർ).

രുക്മിണിഅമ്മ

അന്തിയൂർക്കോണം: പുല്ലുവിള കൃഷ്ണമന്ദിരത്തിൽ പരേതനായ കൃഷ്ണപിള്ളയുടെ ഭാര്യ രുക്മിണി അമ്മ (86) നിര്യാതയായി. മക്കൾ: അയ്യപ്പൻനായർ, മാധവൻനായർ, അപ്പുക്കുട്ടൻ നായർ, വേലായുധൻ നായർ, ഉണ്ണികൃഷ്ണൻ നായർ, ലളിതമ്മ, ബേബി, വിജയകുമാരി. മരുമക്കൾ: ആനന്ദവല്ലി അമ്മ, സുധാകുമാരി, പ്രസന്നകുമാരി, ഗിരിജകുമാരി, ശോഭനാകുമാരി, സുകുമാരൻ നായർ, ഗോപാലകൃഷ്ണൻ നായർ

കുമാരൻ

തിരൂർ: പൂക്കോട്ടുകുളം ശോഭാപ്രസ്സ് ഉടമ തുഞ്ചൻ പറമ്പിന് സമീപം കല്ലിങ്ങുമ്പിൽ കുമാരൻ(76) നിര്യാതനായി. ഭാര്യ: തങ്കം. മക്കൾ– രവീന്ദ്രൻ(തൃപ്രങ്ങോട് പിഎച്ച്സി), മണി(സെക്രട്ടറി, തിരൂർ എംപ്ലോയ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി), സുരേഷ് ബാബു (ശോഭാപ്രസ്), സുനിൽ (ഖത്തർ), വാസന്തി, ശ്യാമള, മരുമക്കൾ– ഉണ്ണികൃഷ്ണൻ (ആറളം ഫാം കണ്ണൂർ), രാധാകൃഷ്ണൻ(എടപ്പാൾ), രേണുക (അദ്ധ്യാപിക മാറഞ്ചേരി സ്കൂൾ), പ്രേമ(അദ്ധ്യാപിക), മാലതി(പൊന്നാനി), രജിത(ഷൊർണ്ണൂർ), സഹോദരി–കല്യാണി.

കെ.എൻ. തങ്കപ്പൻ

പട്ടം: പുല്ലൻവിള വസന്തിൽ റിട്ട. എ.എസ്.ഐ കെ.എൻ. തങ്കപ്പൻ (70) നിര്യാതനായി. സംസ്കാരം ഇന്നുച്ചയ്ക്ക് രണ്ടിന് മുട്ടത്തറ എസ്.എൻ.ഡി.പി ശ്മശാനത്തിൽ. ഭാര്യ : പി.കെ. വസന്തകുമാരി. മക്കൾ : സന്തോഷ്ബാബു (ദുബായ്), സുരേഷ്ബാബു (ദുബായ്), സുഭാഷ്ബാബു. മരുമക്കൾ : സരിത, സിന്ധു.

സുനിത

വിളപ്പിൽ: ചൊവ്വള്ളൂർ പരുത്തൻപാറ സുനിൽഭവനിൽ സുരേന്ദ്രന്റെ മകൾ സുനിത (28) നിര്യാതയായി. അമ്മ : വിജയകുമാരി. സഹോദരൻ : സുനിൽകുമാർ.

വള്ളിക്കുട്ടി

ആലത്തൂർ: പുതിയങ്കം ചെറുതറ വീട്ടിൽ പരേതനായ കാശുവിന്റെ ഭാര്യ വള്ളിക്കുട്ടി (86) നിര്യാതയായി.മക്കൾ: ലക്ഷ്മി, രാമകൃഷ്ണൻ, രുഗ്മിണി, സരസ്വതി,ജയദേവൻ, ഗംഗാധരൻ.മരുമക്കൾ: പൊന്നപ്പൻ, സരോജിനി, ശേഖരൻ, മാധവൻ, വിജയകുമാരി, പ്രീത.

കെ. യശോധരൻ

കരിക്കകം : കരിക്കകം ഇലിപ്പറവീട്ടിൽ കെ. യശോധരൻ (60) നിര്യാതനായി. ഭാര്യ: എസ്. വസന്ത. മക്കൾ : പ്രീജ, പ്രീത, പ്രസാദ്. മരുമക്കൾ : അജയകുമാർ, ബിനുകുമാർ.

വി. കൃഷ്ണപ്പണിക്കർ

വട്ടിയൂർക്കാവ്: നെട്ടയം പാപ്പാട് ലെയിൻ ഭരത്നഗറിൽ പൂത്താഴത്ത് വീട്ടിൽ (ഹൗസ് നമ്പർ–30 ബി) വി. കൃഷ്ണപ്പണിക്കർ (74) നിര്യാതനായി. ഭാര്യ : ബി. തങ്കമ്മ. മക്കൾ : സേതു, ബേബി, രവി, അനിൽകുമാർ, വട്ടിയൂർക്കാവ് രാജൻ (എൻ. ജി. ഒ. സെന്റർ ജില്ലാ പ്രസിഡന്റ്). മരുമക്കൾ : ശശിധരൻ ആശാരി, ശിവരാജൻ, സുധ, ബീന.

നാരായണൻ

കക്കാട്: കൃഷ്ണ ദീപ്തിയിൽ റിട്ട. ഹവിൽദാർ പി.കെ. നാരായണൻ (71) നിര്യാതനായി. ഭാര്യ: റിട്ട. വില്ലേജ് ഓഫീസർ കെ. രാധ. മക്കൾ: അഭിലാഷ്, അനൂത. സഹോദരങ്ങൾ: ശാന്ത, സരോജിനി, സീത, രമേശൻ.

മലോൽ നാണി

തലശ്ശേരി: മൂഴിക്കരയിലെ പരേതനായ കെ. സി കുഞ്ഞിരാമന്റെ ഭാര്യ പഞ്ചാരക്കുനിയിൽ മലോൽ നാണി(95) നിര്യാതയായി. മക്കൾ: മോഹനൻ, പരേതനായ സുകുമാരൻ. മരുമക്കൾ: പ്രസന്ന, രത്നമണി.

വിമല

നന്തിപുലം: തയ്യിൽ ഉണ്ണിച്ചെക്കന്റെ ഭാര്യ വിമല (55) നിര്യാതനായി. സംസ്കാരം നടത്തി. മക്കൾ: വിഗേഷ്, മിനീഷ, ഉല്ലാസ്(അലുമിനിയം ഫാബ്രിക്കേറ്റർ, സി.പി.എം ബ്രാഞ്ച് അംഗം).

ദാസൻ

പാനൂർ: നിടുമ്പ്രത്തെ കേളോത്ത് ദാസൻ (50) നിര്യാതനായി. പരേതരായ അനന്തൻ – നാണി ദമ്പതികളുടെ മകനാണ്. ഭാര്യ: ശാന്ത. മക്കൾ: ഷമീന, സനീഷ്. മരുമകൻ: സനിൽ (പന്ന്യന്നൂർ). സഹോദരങ്ങൾ: നളിനി, രാജൻ, സത്യൻ, രജിത, സജിത, ബിന്ദു.

ദൊഡ്ഢപ്പൻകുളത്ത് ബൈക്ക് അപകടത്തിൽ ഒരാൾ മരിച്ചു



സുൽത്താൻ ബത്തേരി: ദൊഡ്ഢപ്പൻകുളത്തിനടുത്ത് നിർത്തിയിട്ട ലോറിയിൽ ബൈക്കിടിച്ച് ബൈക്ക് യാത്രികൻ മരിച്ചു. ബത്തേരി എസ്.എൻ ഡി.ടി.പി സെന്റർ ഉടമ അപ്പാട് പുതുപ്പള്ളിൽ ബാബുരാജ് (42) ആണ് മരിച്ചത്. ഇന്നലെ വൈകിട്ട് നാല്മണിയോടെ ബത്തേരിയിലേക്ക് വരുന്നതിനിടയിൽ ബാബുരാജ് സഞ്ചരിച്ച ബൈക്ക് നിയന്ത്രണം വിട്ട് ലോറിയുടെ പിറകിൽ ഇടിക്കുകയായിരുന്നു. ബത്തേരി സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചിരുന്നു. ഭാര്യ: ജഗന്തി. അനിരുദ്ധാണ് മകൻ.

സ്കൂട്ടറും ബസ്സും കൂട്ടിയിടിച്ച് യുവാവ് മരിച്ചു

കോഴിക്കോട്: സ്കൂട്ടറും ബസ്സും കൂട്ടിയിടിച്ച് സ്കൂട്ടർ യാത്രക്കാരൻ മരിച്ചു. ചേവായൂരിലെ പുൽപ്പറമ്പിൽ ജോസഫിന്റെ മകൻ ജിജു (35) ആണ് മരിച്ചത്. ഇന്നലെ ചേവായൂരിൽ വച്ചായിരുന്നു അപകടം. ഭാര്യ റിനി. പത്തു മാസം പ്രായമായ പെൺകുഞ്ഞുണ്ട്. അമ്മ: അൽഫോൻസ. സഹോദരങ്ങൾ : വർഗീസ്, ജസി.

കണ്ണൂർ സ്വദേശിയെ റോഡരികിൽ മരിച്ച നിലയിൽ കണ്ടെത്തി

രാമനാട്ടുകര: ദേശീയപാതക്കരുകിൽ രാമനാട്ടുകര ബസ്റ്റാന്റിന് സമീപം കണ്ണൂർ സ്വദേശിയെ മരിച്ച നിലയിൽ കണ്ടെത്തി. പാപ്പിനശേരി വണ്ണേരി ഹൗസിൽ മുകുന്ദൻ (56) ആണ് മരിച്ചത്. ഇന്നലെ രാവിലെ 7.15 ഓടെ നാട്ടുകാരാണ് മൃതദേഹം കണ്ടെത്തിയത്.

വീട്ടിൽ നിന്ന് പിണങ്ങിക്കഴിയുകയായിരുന്നു ഇയാൾ കുറച്ചായി ഇവിടെ ചെരുപ്പുകുത്തിയായി ജോലി നോക്കുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു.

പകർച്ചവ്യാധി; ഒന്നരവയസ്സുകാരൻ മരിച്ചു

എരുമാട്: പകർച്ചവ്യാധി പിടിപെട്ട് നീലഗിരിയിലെ എരുമാട് വെട്ടുപാടി പറമ്പൻവീട്ടിൽ ഉസ്മാൻ–ഷംനാ ദമ്പതികളുടെ ഏകമകൻ മിഥ്ലാജ് (ഒന്നര) മരിച്ചു. വയറിളക്കത്തെത്തുടർന്ന് രണ്ട് ദിവസമായി ബത്തേരി സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇന്നലെ രോഗം മൂർച്ഛിച്ചതോടെ കോഴിക്കോട്ടേക്ക് കൊണ്ടുപോകുന്നതിനിടെയാണ് മരണം. ഇതേവീട്ടിലെ മറ്റൊരു കുട്ടിയും വയറിളക്കം ബാധിച്ച് ഗുരുതരാവസ്ഥയിലായതിനാൽ സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലാണ്.

ബൈക്കും ജീപ്പും കൂട്ടിയിടിച്ച് യുവാവ് മരിച്ചു

നിലമ്പൂർ: ബൈക്കും ജീപ്പും കൂട്ടിയിടിച്ച് പൂക്കോട്ടും പാടം, ചെട്ടിപ്പാടം, കണക്കൻചോല പരേതനായ പൂളയ്ക്കൽ കൃഷ്ണന്റെ മകൻ വിപിൻദാസ് (26) മരിച്ചു. ബൈക്കിൽ കൂടെ യാത്ര ചെയ്തിരുന്ന കണക്കഞ്ചോല നെല്ലിപ്പറമ്പൻ അനിൽ കുമാറിനെ(26) പരിക്കുകളോടെ കോഴിക്കോട് മെഡിക്കൽകോളേജിൽ പ്രവേശിപ്പിച്ചു. ഇന്നലെ വൈകീട്ട് അഞ്ചരയ്ക്കായിരുന്നു അപകടം. തോട്ടേക്കാട് നരിപൊയിൽ വളവിൽ വെച്ചാണ് ഇവർ സഞ്ചരിച്ചിരുന്ന ബൈക്കിൽ നിലമ്പൂരിലേക്കു വരികയായിരുന്നു ജീപ്പിടിച്ചത്. ദേവയാനിയാണ് മരിച്ച വിപിൻദാസിന്റെ അമ്മ. സഹോദരങ്ങൾ: ദേവദാസ്, ബീന, റീന.

ബൈക്കും കണ്ടെയ്നറും കൂട്ടിയിടിച്ച് അഞ്ച് വയസുകാരൻ മരിച്ചു

ബാംഗ്ളൂർ: ബൈക്കും കണ്ടെയ്നറും കൂട്ടിയിടിച്ച് അച്ഛനോടൊപ്പം ബൈക്കിൽ യാത്ര ചെയ്യുകയായിരുന്ന അഞ്ച് വയസുകാരൻ മരിച്ചു. പാലക്കാട് മുണ്ടൂർ സ്വദേശി നാമ്പള്ളിപുരത്തിലെ ശിവകുമാറിന്റെ മകൻ ഹരിഹരൻ (5) ആണ് മരിച്ചത്. ബാംഗ്ളൂർ സെന്റ് ഡോൺ ബോസ്കോ സ്കൂൾ എൽ.കെ.ജി. വിദ്യാർത്ഥിയാണ്. ഞായറാഴ്ച രാത്രി 8.45 ഓടെ കെ.ആർ. ഫ്ളൈഓവറിലാണ് അപകടം. കെ.ആർ. ടെക്സ്റ്റൈൽ ഷോപ്പ് ജീവനക്കാരനായ ശിവകുമാറിനും പരിക്കേറ്റിട്ടുണ്ട്. മൃതദേഹം പോസ്റ്റ്മോർട്ടത്തിന്ശേഷം ബാംഗ്ളൂരിൽ സംസ്കരിക്കും. അമ്മ: സജിത.

വാഹനമിടിച്ച് യുവാവ് മരിച്ചു

കൊടകര: ദേശീയപാത നെല്ലായിൽ അജ്ഞാത വാഹനം ഇടിച്ച് യുവാവ് മരിച്ചു. രക്തം വാർന്ന് അവശനിലയിൽ കണ്ടെത്തിയ ഇയാളെ നെല്ലായി ജീവൻ രക്ഷാവേദി പ്രവർത്തകർ തൃശൂർ ജില്ലാ ആശുപത്രിയിൽ എത്തിക്കുകയായിരുന്നു.

മൃതദേഹം മുളങ്കുന്നത്തുക്കാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

30 വയസ്സോളം പ്രായം തോന്നുന്ന യുവാവ് കള്ളി ഷർട്ടും കള്ളിമുണ്ടുമാണ് ധരിച്ചിരുന്നത്.

ബൈക്കിടിച്ച് ചികിത്സയിൽ കഴിഞ്ഞിരുന്ന വൃദ്ധൻ മരിച്ചു

വാടാനപ്പിള്ളി: ബൈക്കിടിച്ച് പരിക്കേറ്റ് ചികിത്സയിലായിരുന്ന വൃദ്ധൻ മരിച്ചു. തൃത്തല്ലൂർ ബ്രാരത്ത് ശങ്കരൻ (78) ആണ് മരിച്ചത്. കഴിഞ്ഞ ആറിന് വൈകീട്ട് ഏങ്ങണ്ടിയൂർ അഞ്ചാം കല്ലിൽ വച്ചാണ് അപകടമുണ്ടായത്. നടന്നു പോവുകയായിരുന്ന ശങ്കരനെ ബൈക്കിടിച്ച് വീഴ്ത്തുകയായിരുന്നു. മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സയിലായിരുന്ന ഇയാൾ ഇന്നലെ പുലർച്ചെയാണ് മരിച്ചത്. സംസ്കാരം നടത്തി. ഭാര്യ: സത്യഭാമ. മക്കൾ: അശോകൻ, സുനിൽ, സുധൻ, രാധാമണി, ശോഭ. മരുമക്കൾ: പ്രസന്നൻ, ഭഗീരഥൻ, സിനി, ഷൈബി.

യുവാവ് ഷോക്കേറ്റ് മരിച്ചു

മണ്ണാർക്കാട്: ഇലക്ട്രിക്ക് മെയിൻ ലൈനിൽ വീണ് പഴുത്ത തെങ്ങിൻപട്ട തട്ടി ഷോക്കേറ്റ് യുവാവ് മരിച്ചു. പാലക്കയത്ത് കുണ്ടാംപൊട്ടി കാഞ്ഞിരംപറപ്പയിൽ വീട്ടിൽ അഗസ്റ്റന്റെ മകൻ ആന്റി എന്ന കുര്യാക്കോസ് (33) ആണ് മരിച്ചത്. ഇന്നലെ രാവിലെ പതിനൊന്നോടെയാണ് അപകടം. യന്ത്രം ഉപയോഗിച്ച് ഒരു സ്വകാര്യ വ്യക്തിയുടെ തെങ്ങിൽ കയറി നിൽക്കുന്നതിനിടെയാണ് ഷോക്കേറ്റത്. ഗുരുതരമായി പരിക്കേറ്റ യുവാവിനെ തച്ചമ്പാറ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഭാര്യ: ജോമോൾ. മക്കൾ: യതിൻ, ബിതിൻ. സംസ്കാരം ഇന്നു രാവിലെ പത്തിന് ചീനിക്കപ്പാറ സെന്റ് തോമസ് സെമിത്തേരിയിൽ.

യുവതി തൂങ്ങി മരിച്ച നിലയിൽ

പാറശാല : കന്യാകുമാരി സ്വദേശി അഞ്ജു (20) ചെങ്കൽ തൃക്കണ്ണാപുരത്തുള്ള അമ്മയുടെ കുടുംബവീട്ടിൽ തൂങ്ങിമരിച്ചു.

പ്രേമയാണ് മാതാവ്. ഇന്നലെ പകലാണ് സംഭവം. അരുമന ബി.ടി.എം കോളേജിലെ രണ്ടാം വർഷ ബി.കോം വിദ്യാർത്ഥിനിയാണ്. സഹോദരൻ : അനീഷ്.

യുവാവ് മരിച്ചനിലയിൽ

ഈരാറ്റുപേട്ട: യുവാവിന്റെ മൃതദേഹം സ്കൂൾ ഗ്രൗണ്ടിൽ കണ്ടെത്തി.

തീക്കോയി പുതനപ്രക്കുന്നേൽ അപ്പച്ചന്റെ മകൻ അജീഷ്(24) ന്റെ മൃതദേഹമാണ് ആണ് ഇന്ന് പുലർച്ചെ തീക്കോയി സെന്റ് മേരീസ് എൽ. പി സ്കൂൾ കോമ്പൗണ്ടിൽ കണ്ടെത്തിയത്. വീട്ടിൽ നിന്നും ഒരു കിലോമീറ്ററോളം അകലെയാണ് സ്കൂൾ.

പൊള്ളലേറ്റ യുവാവ് മരിച്ചു

പെരിന്തൽമണ്ണ: ദേഹമസകലം പൊള്ളലേറ്റ നിലയിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന കരിങ്കല്ലത്താണി കൂരിക്കുന്ന് അരിയാണി വീട്ടിൽ ഹരിദാസൻ (20) ആണ് ഇന്നലെ രാവിലെ മരണപ്പെട്ടത്. കഴിഞ്ഞ ബുധനാഴ്ച വീട്ടിൽ വെച്ചായിരുന്നു പൊള്ളലേറ്റത്.

വിഷം കഴിച്ചു മരിച്ച നിലയിൽ

കോഴിക്കോട്: ബാലുശ്ശേരി കണ്ണാടിപൊയിൽ കുന്നിക്കൂടത്തിൽ ദേവൻ (45) വിഷം അകത്തു ചെന്ന് മരിച്ച നിലയിൽ കണ്ടെത്തി.

നിയന്ത്രണം വിട്ട സ്വകാര്യ ബസ് മാരുതി വാനിലിടിച്ച് വാൻ ഡ്രൈവർ മരിച്ചു

പാലക്കാട്: നിയന്ത്രണം വിട്ട സ്വകാര്യ ബസ് മാരുതി വാനിലിടിച്ച് മണ്ണാർക്കാട് സ്വദേശി വാൻ ഡ്രൈവർ മണ്ണാർക്കാട് തെങ്കരയിൽ വാസുവിന്റെ മകൻ മുറിക്കട വീട്ടിൽ വേലായുധൻ (40) മരിച്ചു. വഴിയാത്രക്കാരിയെ ഇടിച്ച് തെറിപ്പിച്ച് വാൻ പാടത്തേക്ക് മറിഞ്ഞു. നാല് പേർക്ക് പരിക്കേറ്റു.

ഇന്നലെ വൈകുന്നേരം ആറിന് പുതുപ്പരിയാരം പഴയ പഞ്ചായത്ത് ഓഫീസിന് സമീപത്തായിരുന്നു അപകടം. മണ്ണാർക്കാട്ടേക്കു പോകുകയായിരുന്ന ബസ് നിയന്ത്രണം വിട്ട് പാലക്കാട്ടേക്ക് വരികയായിരുന്ന മാരുതി വാൻ വഴിയാത്രക്കാരിയായ ഷീജ(25)യെ ഇടിച്ച് തെറിപ്പിച്ച ശേഷം വയലിലേക്ക് മറിയുകയായിരുന്നു. അപകടത്തിൽ വേലായുധന്റെ ഭാര്യ സഹോദരൻ പെരിമ്പിടായി കല്ലിങ്ങൽ വീട്ടിൽ വേണുഗോപാൽ, ബസ് യാത്രക്കാരായ കോങ്ങാട് ഹംസ, പള്ളിക്കോട് സ്വദേശികളായ ഇന്ദിര, ചെല്ലമ്മ എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മണ്ണാർക്കാട് കർട്ടൺ വ്യാപാരിയായ വേലായുധന്റെ ഭാര്യാ സഹോദരനോടൊപ്പം വ്യാപാരാവശ്യാർഥം പാലക്കാട്ടേക്ക് വരികയായിരുന്നു. ഉഷയാണ് വേലായുധന്റെ ഭാര്യ. ദേവൻ, വിഷ്ണു, ദേവിക എന്നിവർ മക്കളാണ്.